ഉത്തരം

(എ) 1 മുതൽ 5 വരെ ക്ലാസ്സിലെ കുട്ടികൾക്ക് 100 ഗ്രാം അരിയും 30 ഗ്രാം പയറും, 6,7 ക്ലാസ്സിലെ കുട്ടികൾക്ക് 150 ഗ്രാം അരിയും 30 ഗ്രാം പയറും, 8-ാം ക്ലാസ്സിലെ കുട്ടികൾക്ക് 150 ഗ്രാം അരിയും 50 ഗ്രാം പയറും വീതമാണ് ഒരു ദിവസത്തേക്ക് അനുവദിച്ചിട്ടുള്ളത്. ഇതുകൂടാതെ പച്ചക്കറികളും ഉച്ചഭക്ഷണത്തിന്റെ കൂടെ നൽകിവരുന്നു.

(ബി) 1 മുതൽ 8 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് ആഴ്ചയിൽ രണ്ടു ദിവസം 150 മി.ലി. വീതം പാൽ പാകം ചെയ്തു കൊടുക്കുന്നു. കൂടാതെ 1 മുതൽ 7 വരെ ക്ലാസ്സിലെ കുട്ടികൾക്ക് ആഴ്ചയിൽ ഒരു ദിവസം പാകം ചെയ്ത ഓരോ മുട്ടയും നൽകിവരുന്നു.

(സി) ഓരോ സ്കൂളിലും ഉച്ചക്ഷേണ പരിപാടിയുടെ മേൽനോട്ടത്തിനായി സ്കൂൾതല കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. പ്രധാനദ്ധ്യാപകൻ, അദ്ധ്യാപക പ്രതിനിധികൾ എന്നിവരെക്കൂടാതെ പി.ടി.എ. പ്രതിനിധി, മദർ പി.ടി.എ. പ്രതിനിധി വാർഡ് മെമ്പർ എന്നിവരും പ്രസ്തുത കമ്മിറ്റിയിൽ അംഗങ്ങളാണ്. പദ്ധതിയുടെ ജില്ലാതല മേൽനോട്ടത്തിനായി ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെ നിയന്ത്രണത്തിൽ ശക്തമായ മോണിറ്ററിംഗ് സംവിധാനം പ്രവർത്തിച്ചുവരുന്നു. ഉച്ചക്ഷേണ പദ്ധതിയെ സംബന്ധിച്ച പരാതികൾ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിനായി സംസ്ഥാന തലത്തിൽ പരാതിപരിഹാര ഫോറം (Grievance Redressal Forum) രൂപീകരിച്ചിട്ടുണ്ട്.

മുസ്ലീം വിഭാഗക്കാരുടെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് നടപടി

56(745) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മുസ്ലീം വിഭാഗങ്ങളുടെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് പാലോളി കമ്മിറ്റി റിപ്പോർട്ടിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

വിവരം ശേഖരിച്ചു നൽകുന്നതാണ്.

മദ്രസ നവീകരണ പദ്ധതി ന്യൂനപക്ഷ വകുപ്പിന്റെ കീഴിലാക്കുന്നതിന് നടപടി

57(746) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാർ മദ്രസ നവീകരണ പദ്ധതി നടപ്പിലാക്കിയത് ഏത് വർഷം മുതലാണ് ;

(ബി) പദ്ധതി പ്രകാരം 2006 മാർച്ച് 31 വരെ എത്ര രൂപയാണ് വിതരണം ചെയ്തത് ;

LIBRARY ARCHIVES Kerala Legislative Assembly